# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1971.    16.06.2014 ൽ മറുപടിയ്ക്ക്.

**കോഴിക്കോട് -തൃശ്ശൂർ , കോഴിക്കോട് - പാലക്കാട് റൂട്ടുകളിലെ പ്രൈവറ്റ് ബസ് സർവ്വീസുകൾ**

| ചോദ്യം<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് - തൃശ്ശൂർ, കോഴിക്കോട് - പാലക്കാട് റൂട്ടുകളിൽ നിരവധി പ്രൈവറ്റ് ബസ്സുകൾ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് വിഭാഗമാക്കി ഓടുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | നിരവധി കോടതി ഉത്തരവുകൾ പ്രകാരം മുൻ കാലങ്ങളിൽ സ്വകാര്യ ബസ്സുകൾക്ക് സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ പദവി നൽകിയിരുന്നു. എങ്കിലും 16.07.2013 ലെ സ.ഉ.(പി) നമ്പർ 73/2013/ട്രാൻ. പ്രകാരം ഈ പെർമിറ്റ് പുതുതായി നൽകാറില്ല. |
| (ബി) | ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് പെർമിറ്റുകൾ നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമാണ് ; | (ബി) | നിലവിലുള്ള സർക്കാർ വിജ്ഞാപനങ്ങൾക്കും 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 80, 1989 ലെ കേരള മോട്ടോർവാഹന ചട്ടങ്ങളിലെ ചട്ടം 2 (യു.സി), ചട്ടം 260 (എ) എന്നിവ പ്രകാരം നിയമാനുസൃതമായ അപേക്ഷകളിന്മേൽ, 150 കി.മീറ്ററിനും 450 കി. മീറ്ററിനും ഇടയിൽ ദൈർഘ്യമുള്ള റൂട്ടുകളിൽ, സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്കും 70 കി.മീറ്ററിനും 160 കി. മീറ്ററിനും ഇടയിൽ ദൈർഘ്യമുള്ള റൂട്ടുകളിൽ,ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്കും പെർമിറ്റ് നൽകാറുണ്ട് . എന്നാൽ 16.07.2013-ലെ |

| | | | |
|---|---|---|---|
| | | | ജി.ഒ.(പി) നം. 73/2013/ഗതാ. പ്രകാരം ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ. ടി.സി.യ്ക്ക് മാത്രമായി നിജപ്പെടുത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച് വിജ്ഞാപനം ചെയ്യുകയുണ്ടായി. സ്വകാര്യ ബസ്സുകൾ ഈ ഉത്തരവിനെ ബഹു. ഹൈക്കോടതിയിൽ ചോദ്യം ചെയ്ത് അവർക്ക് അനുകൂലമായി സ്റ്റേ സമ്പാദിക്കുകയുണ്ടായെങ്കിലും കെ.എസ്. ആർ.ടി.സി സ്റ്റേ വെക്കേറ്റ് ചെയ്ത് സർക്കാർ ഉത്തരവ് നടപ്പിൽ വരുത്തുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിൻപ്രകാരം പെർമിറ്റ് പുതുക്കി നൽകാതെ സർവ്വീസ് നിന്നുപോകുന്ന സ്വകാര്യ ബസ്സുകൾക്ക് പകരമായി കെ.എസ്.ആർ.ടി.സി പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഇപ്പോൾ പെർമിറ്റ് ലഭിച്ച ബസ്സുകൾ ഇത്തരം നിബന്ധനകൾ പാലിച്ചിട്ടുള്ളവയാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; | (സി) | നിലവിൽ പെർമിറ്റുള്ള ബസ്സുകളിൽ നിബന്ധനകൾ ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (ഡി) | ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിലാണ് ഇത്തരം പെർമിറ്റുകൾ നൽകിയതെങ്കിൽ ഇതിനെതിരെ അപ്പീൽ പോകുന്നതിന് നിർദ്ദേശം നൽകുമോ ? | (ഡി) | അപ്പീൽ പോകാവുന്നതാണ് എന്ന് നിയമോപദേശം കിട്ടിയ കേസുകളിൽ അങ്ങിനെ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.